(ബി) സിനിമാ തിയേറ്ററുകളുടെ സാങ്കേതിക/അടിസ്ഥാന നിലവാരത്തിൽ അവയെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്ന് ഇനം തിരിച്ച് ടിക്കറ്റ് നിരക്കുകൾ ഏകീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ തിയേറ്ററുകളെ തരംതിരിച്ച് ടിക്കറ്റ് നിരക്ക് ഏകീകരിക്കുന്നതിനും അമിത നിരക്കുകൾ ഈടാക്കുന്നത് നിയന്ത്രിക്കുന്നതിനും നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടിക്കറ്റ് നിരക്കുകൾ ഏകീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ തദ്ദേശസ്വയം ഭരണ വകുപ്പ് മുഖേനയാണ് സ്വീകരിച്ചുവരുന്നത്. നിലവിൽ ടിക്കറ്റ് നിരക്ക് ഏകീകരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) ബാധകമല്ല.

കൊടക്കാട് ഫോക് ലോർ വില്ലേജ്

76 (1450) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെയ്യം കലാകാരൻ നർത്തകരത്നം കണ്ണപെരുവണ്ണാന്റെ സ്മരണ മുൻനിർത്തി തെയ്യം കലയുടെ പരിപോഷണത്തിന് കഴിഞ്ഞ സർക്കാർ കാലത്ത് വിഭാവനം ചെയ്ത കൊടക്കാട് ഫോക് ലോർ വില്ലേജ് സംബന്ധിച്ച തുടർനടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

നർത്തകരത്നം കണ്ണപെരുവണ്ണാന്റെ പേരിൽ ഫോക് ലോർ വില്ലേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ ഈ സർക്കാരിന്റെ പരിഗണനയിലില്ല.

സാംസ്കാരിക മേഖലയുടെ വളർച്ച

77 (1451) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സാംസ്കാരിക മേഖലയിലെ വളർച്ചയ്ക്ക് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഓരോ സ്ഥാപനവും പ്രത്യേകം പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സാംസ്കാരികകാര്യ വകുപ്പിൻ കീഴിലെ വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട് വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2015 ഡിസംബർ മാസം 18 മുതൽ 22 വരെ കോട്ടയത്ത് സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പ്/സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സംഘടിപ്പിച്ച സുവർണ്ണം 2015 പദ്ധതി ഇതിന്റെ ഉത്തമ ഉദാഹരണമാണ്. കേരളത്തിലെ വിവിധ സ്വകാര്യ സാംസ്കാരിക സംഘടനകൾ/സ്ഥാപനങ്ങൾ എന്നിവയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ധനസഹായം സാംസ്കാരിക വകുപ്പിൽനിന്നും നൽകുന്നുണ്ട്. കേരള സംസ്കാര വ്യാപനത്തിന്റെ ഭാഗമായി കേരള സാംസ്കാരിക വെബ്സൈറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല സമ്പൂർണ്ണ സാംസ്കാരിക സർവ്വകലാശാലയായി രൂപാന്തരപ്പെടുത്താനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതും മഹാകവി മോയിൻകുട്ടി വൈദ്യർ, സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തിയതും, പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ജില്ലാ പൈതൃക മ്യൂസിയങ്ങൾ, കാക്കണ്ണൻ പാറയിലെ കലാഗ്രാമം, കുടിയേറ്റ മ്യൂസിയം നിർമ്മാണത്തിനുള്ള നടപടികൾ, വൈക്കം സത്യാഗ്രഹ സ്മാരക മ്യൂസിയം, കേന്ദ്ര സഹായത്തോടെയുള്ള മ്യൂസിയം നവീകരണം, വഴിയോരശില്പങ്ങൾ എന്നീ പ്രവർത്തനങ്ങളെല്ലാം സാംസ്കാരിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളാണ്.

കേരളത്തിന്റെ സാംസ്കാരിക മേഖലയുടെ വളർച്ചയും അതുവഴി മേഖലയിൽ തൊഴിൽ സാദ്ധ്യതയും ഉണ്ടാകുന്നതിലേയ്ക്കും ലക്ഷ്യമിട്ട് പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'മ്യൂസിയം ഗൈഡ് പ്രോജക്ട്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സംരക്ഷിത സ്മാരകങ്ങൾ കേടുവരുത്തുന്നത് തടയുന്നതിനും അവയുടെ സംരക്ഷണത്തിനുമായി 'Monument Attender Training Project' എന്ന പദ്ധതി പുരാവസ്തു വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും നാടൻ കലാ സംഘങ്ങളെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊണ്ടുവന്ന് "ഭാരതോത്സവം" സംഘടിപ്പിച്ച് "നാനാത്വത്തിൽ ഏകത്വം" എന്ന ഭാരതീയ പാരമ്പര്യത്തിന്റെ മഹത്വം വിളിച്ചറിയിക്കാൻ സാധിച്ചു. ചരിത്രത്തിലാദ്യമായി വിദേശ നാടൻ കലാകാരൻമാരെ പങ്കെടുപ്പിച്ച് "ഇന്റർനാഷണൽ ഫോക് ഫെസ്റ്റ്" സംഘടിപ്പിച്ചു. നാടോടി വാദ്യങ്ങളേയും, ദേശീയ അന്തർദ്ദേശീയ പാരമ്പര്യ വാദ്യോപകരണങ്ങളേയും പുതുതലമുറയ്ക്ക് പരിചയപ്പെടുത്താൻ പാലക്കാട് കൽപ്പാത്തിയിൽ 2000-ത്തോളം വാദ്യോപകരണങ്ങളുടെ മ്യൂസിയവും ഗവേഷണ കേന്ദ്രവും ആരംഭിച്ചു തിരുവിതാംകൂറിലെ നാടൻ കലകളേയും നാടോടി വിജ്ഞാനീയത്തേയും ലോകത്തിന് പരിചയപ്പെടുത്താൻ കോട്ടയത്ത് ട്രാവൻകൂർ ഫോക് വില്ലേജ് ആരംഭിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വരിച്ച ധീരദേശാഭിമാനികളുടെ ഓർമ്മയ്ക്കായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനം നടത്തിയ വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സ്മാരക നിർമ്മാണം പൂർത്തിയായി തുറന്നുകൊടുത്തിട്ടുണ്ട്.

സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയ ധനസഹായം

78 (1452) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ സർക്കാർ-അർദ്ധ സർക്കാർ സാംസ്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ ധനസഹായം എത്ര കോടിയാണ്; വിശദമാക്കാമോ;

(ബി) ഓരോ ബഡ്ജറ്റിലും പ്രഖ്യാപിച്ച ധനസഹായ തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) അതത് സാമ്പത്തിക വർഷങ്ങളിൽ പൂർത്തീകരിക്കപ്പെടാതെപോയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പൂർത്തീകരിക്കാത്ത പദ്ധതിയുടെ ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്ന തുക എത്ര കോടി രൂപയെന്ന് അറിയിക്കുമോ?